ജില്ലാ സ്പോർട്ട്സ് കൗൺസിൽ സെക്രട്ടറിമാരുടെ നിയമനം

256 (1984) ശ്രീ. കെ. കെ ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററി കാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജില്ലാ സ്പോർട്ട്സ് കൗൺസിലുകളിൽ സെക്രട്ടറിമാരുടെ നിയമനം പൂർത്തീകരിച്ചിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കേരള സ്റ്റേറ്റ് സ്പോർട്ട്സ് കൗൺസിലിലെ ജീവനക്കാരെ യോഗ്യതയനുസരിച്ച് ജില്ലാ സ്പോർട്ട്സ് കൗൺസിൽ സെക്രട്ടറിമാരായി നിയമിക്കുവാൻ സ്പോർട്ട്സ് ആക്ടിൽ ഭേദഗതി വരുത്തുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

ഒരു വാർഡിൽ ഒരു കളിസ്ഥലം ഒരു പഞ്ചായത്തിൽ ഒരു നീന്തൽക്കുളം പദ്ധതി

257 (1985) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററി കാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഒരു വാർഡിൽ ഒരു കളിസ്ഥലം, ഒരു പഞ്ചായത്തിൽ ഒരു നീന്തൽക്കുളം എന്ന പദ്ധതിയിൽ എത്ര കളിസ്ഥലവും, നീന്തൽക്കുളവും അനുവദിച്ചുവെന്നും, അവയിൽ ഏതെല്ലാം പ്രവർത്തനക്ഷമമായിയെന്നും, ജില്ല തിരിച്ചും പഞ്ചായത്ത് തിരിച്ചുമുള്ള കണക്ക് വ്യക്തമാക്കുമോ ;

(ബി) സംസ്ഥാനത്ത് സ്പോർട്ട്സ് വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ എത്ര സ്റ്റേഡിയം ഉണ്ടെന്നും, എത്ര സ്വിമ്മിംഗ് പൂൾ, ജിംനാസ്റ്റിക് സെന്റർ എന്നിവയുണ്ടെന്നും അവ ഏതെല്ലാമാണെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ മുഖേന 232 സ്ഥാപനങ്ങൾക്കും, കായിക യുവജനകാര്യ ഡയറക്ടർ മുഖേന 187 സ്ഥാപനങ്ങൾക്കും കളിസ്ഥലങ്ങളുടെ നിർമ്മാണത്തിനും അടിസ്ഥാന സൗകര്യ വികസനത്തിനുമായി ധനസഹായം നൽകിയിട്ടുണ്ട്. ധനസഹായം നൽകിയിട്ടുള്ള സ്ഥാപനങ്ങളുടെ വിവരം അനുബന്ധം I ആയി ചേർക്കുന്നു.*

(ബി) അനുബന്ധമായി II ആയി ചേർക്കുന്നു.*

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly